**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2660** **24-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കുടിശിക ഈടാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും വൈദ്യുതി കുടിശികയിനത്തിൽ വൻ തുക അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതൊക്കെയാണെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷവും വൈദ്യുതി കുടിശ്ശികയിനത്തിൽ വൻ തുക (പത്ത് ലക്ഷത്തിനു മുകളിൽ) അടയ്ക്കാനുള്ള സർക്കാർ ഓഫീസുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും 31.03.2024 വരെയുള്ള കുടിശ്ശിക (പലിശ ഒഴികെ) ഉൾപ്പെടെയുള്ള വിവരം യഥാക്രമം **അനുബന്ധം I, അനുബന്ധം II** എന്നിവ ആയി ചേർത്തിട്ടുണ്ട്.<br><br>കുടിശ്ശിക തുകയുടെ പേരിൽ പോലീസ് വകുപ്പും വൈദ്യുതി ബോർഡും തമ്മിൽ തർക്കം നിലവിലുണ്ട്. 04/2004 മുതൽ 03/2013 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക മാറ്റി നിർത്തിയതിനുശേഷം 04/2013 മുതൽ കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേക്ക് പോലീസ് വകുപ്പ് വന്നിട്ടുണ്ട്. കോസ്റ്റ് ഓഫ് ഗാർഡ് സംബന്ധിച്ച് പോലീസ് വകുപ്പിന് നൽകാനുള്ള തുക കണക്കാക്കുന്നതിലെ അപാകത (hike factor) സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കുടിശിക ഈടാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ് വകുപ്പ്, ഗവൺമെന്റ് ആശുപത്രികൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി ബോർഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.<br><br>കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളായ 'റീവാംഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം' മുഖേനയുള്ള സാമ്പത്തിക സഹായങ്ങൾക്കും 0.50% അധിക കടമെടുപ്പ് (Additional Borrowing) സംബന്ധിച്ചുള്ള "pre-qualifying criteria" യുടെ പൂർത്തീകരണത്തിനും സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക നിവാരണം പൂർത്തിയാക്കേണ്ടതുണ്ട്. 31.03.2024 വരെയുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതി കുടിശ്ശികയുടെ വിശദവിവരങ്ങൾ ടി കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**സർക്കാർ സ്ഥാപനങ്ങളുടെ 31.03.2024 വരെയുള്ള കുടിശ്ശിക (പലിശ ഒഴികെ) സംബന്ധിച്ചവിവരം**

| സ്ഥാപനം | കുടിശ്ശിക (രൂപയിൽ) |
|---|---|
| പോലീസ് വകുപ്പ് | 72,63,10,801 |
| ഇറിഗേഷൻ വകുപ്പ് | 23,52,88,016 |
| ഇ.എസ്.ഐ. ഗവൺമെന്റ് മെഡിക്കൽ കോളേജ്, പാരിപ്പള്ളി | 13,08,98,143 |
| ജനറൽ ആശുപത്രി, എറണാകുളം | 10,47,22,619 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ | 4,38,98,851 |
| മലപ്പുറം ജില്ലാ ആശുപത്രി, മഞ്ചേരി | 3,97,48,978 |
| ജനറൽ ആശുപത്രി, പത്തനംതിട്ട | 3,90,59,954 |
| പി.എം.എസ്.എസ്.വൈ ബ്ലോക്ക് മെഡിക്കൽ കോളേജ്, കോഴിക്കോട് | 3,57,05,770 |
| ഗവൺമെന്റ് റ്റി.ഡി മെഡിക്കൽ കോളേജ് | 2,62,54,816 |
| താലൂക്ക് ആശുപത്രി, പുനലൂർ | 2,38,20,817 |
| റ്റി.ഡി മെഡിക്കൽ കോളേജ്, വണ്ടാനം | 2,33,85,373 |
| ട്രോമ കെയർ യൂണിറ്റ് ജില്ലാ ആശുപത്രി, മാനന്തവാടി | 2,17,10,356 |
| ഗവൺമെന്റ്  ജനറൽ ആശുപത്രി, കോഴിക്കോട് | 2,16,47,152 |
| ലെപ്രസി സാനിറ്റോറിയം, നൂറനാട് | 1,01,65,747 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ | 98,92,682 |
| കെ.എച്ച്.ആർ.ഡബ്ല്യൂ, എസ് പേവാർഡ്, മെഡിക്കൽ കോളേജ്, കോഴിക്കോട് | 93,42,170 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 76,97,179 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് | 73,74,213 |
| സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി | 71,21,710 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം | 60,51,139 |
| താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര | 51,76,777 |
| റ്റാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി | 46,31,989 |
| ജനറൽ ആശുപത്രി, മൂവാറ്റുപുഴ | 40,22,913 |
| ടാഗോർ തീയേറ്റർ | 35,38,819 |
| കൈരളി ശ്രീ തീയേറ്റർ | 34,29,265 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട് | 30,61,386 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊച്ചി | 30,11,967 |
| ജില്ലാ ആശുപത്രി, പത്തനംതിട്ട | 25,96,089 |
| വിമൻ ആന്റ് ചൈൽഡ് ഹോസ്പിറ്റൽ, വൈക്കം | 25,64,490 |
| എന്റെ കേരളം എക്സ്പോ 2022 | 22,23,886 |
| SATഹോസ്പിറ്റൽ, തിരുവനന്തപുരം | 21,91,208 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, തിരുവനന്തപുരം | 15,54,504 |
| കെ.എസ്.ഐ.ഡി.സി ഡിബോണിംഗ് യൂണിറ്റ് | 15,32,483 |
| എ.എ. റഹീം മെമ്മോറിയൽ ഗവൺമെന്റ് ജില്ലാ ആശുപത്രി | 15,14,172 |
| ഗവൺമെന്റ് വിമൻ ആന്റ് ചിൽഡ്രൻ ഹോസ്പിറ്റൽ, | 14,73,120 |

| | |
|---|---|
| തിരുവനന്തപുരം | |
| റവന്യൂ കോംപ്ലക്സ് പബ്ലിക് ഓഫീസ് കോമ്പൗണ്ട് | 12,14,809 |
| ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | 12,06,055 |
| കേരള സ്റ്റേറ്റ് ബാംബൂകോർപ്പറേഷൻ | 11,97,434 |
| ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | 11,62,633 |
| ഗവൺമെന്റ് സെക്രട്ടറിയേറ്റ് | 11,62,443 |
| ഷെഡ്യൂൾ കാസ്റ്റ് ഡെവലപ്മെന്റ് ഡയറക്ടറേറ്റ് | 11,18,362 |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

<u>പൊതുമേഖലാസ്ഥാപനങ്ങളുടെ 31/3/2024 വരെയുള്ള കുടിശ്ശിക (പലിശ ഒഴികെ) സംബന്ധിച്ച വിവരം</u>

| സ്ഥാപനം | കുടിശ്ശിക (രൂപയിൽ) |
|---|---|
| കേരള വാട്ടർ അതോറിറ്റി | 1,88,28,52,723 |
| ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് | 1,19,55,03,246 |
| ഓട്ടോകാസ്റ്റ് | 1,12,69,01,135 |
| കേരളാ സിറാമിക്സ് ലിമിറ്റഡ്(New) | 25,42,18,075 |
| മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ ലിമിറ്റഡ് | 15,77,77,183 |
| കോമളപുരം ടെക്സ്റ്റയിൽസ് സ്പിന്നിംഗ് ആന്റ് വീവിംഗ് യൂണിറ്റ് | 9,86,30,773 |
| ഇടരിക്കോട് ടെക്സ്റ്റയിൽസ്, മലപ്പുറം | 9,02,24,648 |
| സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് | 6,37,08,856 |
| കോട്ടയം ടെക്സ്റ്റയിൽസ്, വേദഗിരി, കോട്ടയം | 5,56,76,203 |
| പ്രഭുറാം മിൽസ്, മുളക്കുഴ | 4,68,37,903 |
| അലിൻഡ്, കുണ്ടറ | 3,88,50,674 |
| അലിൻഡ് സ്റ്റീൽ പ്ലാന്റ്, കുണ്ടറ | 3,75,18,935 |
| ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 3,12,75,428 |
| കേരള സിറാമിക്സ് ലിമിറ്റഡ്(old) | 2,97,20,268 |
| സീതാറാം  ടെക്സ്റ്റയിൽസ് ലിമിറ്റഡ്, തൃശ്ശൂർ | 2,60,86,732 |
| ഉദുമ ടെക്സ്റ്റൈൽ മിൽ | 2,56,26,248 |
| ട്രാവൻകൂർ സിമെന്റ്സ് | 2,06,67,860 |
| ഹൈടെക് വീവിംഗ് മിൽ | 1,51,88,403 |
| കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് | 1,45,23,272 |
| ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽ കേരള ലിമിറ്റഡ് | 1,03,19,265 |
| കേരള ഫീഡ്സ് ലിമിറ്റഡ് | 93,64,170 |
| കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ് | 69,67,756 |
| സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 41,67,692 |
| കെൽട്രോൺ പവർ ഡിവൈസസ് | 36,60,931 |
| ഹൈടെക് ബാംബൂ ഫ്ലോറിംഗ് റ്റൈൽ ഫാക്ടറി | 35,22,843 |
| സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്ങ്സ് ലിമിറ്റഡ് | 30,43,908 |
| വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ | 15,55,318 |
| 7ബേ കൊമേഴ്സ്യൽ ഫ്ലീറ്റ് ചാർജിംഗ് സ്റ്റേഷൻ KSRTC | 12,19,236 |



**സെക്ഷൻ ഓഫീസർ**